**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 135** **02-02-2024 - ൽ മറുപടിയ്ക്ക്**

**കർഷക ആത്മഹത്യ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി ഉമ തോമസ്** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കർഷകർ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ഉണ്ട്.** |
| (ബി) | കഴിഞ്ഞ കുറച്ച് മാസങ്ങൾക്കുള്ളിൽ നടുവിൽ പഞ്ചായത്തിലെ പാത്തൻപാറയിലും ശ്രീകണ്ഠപുരത്തും കൊളക്കാട്ടയിലും മുടിക്കയത്തും തകഴിയിലും അടക്കം നിരവധി കർഷകർ ജീവനൊടുക്കിയ സംഭവങ്ങൾ ഗൗരവമായി കാണുന്നുണ്ടോ; | (ബി) | ഉണ്ട്. കർഷകരുടെ ക്ഷേമം ഈ സർക്കാരിന്റെ മുഖ്യ അജണ്ട തന്നെയാണ്. അതിനാൽ തന്നെ കർഷക ആത്മഹത്യയാണോ ഈ സാഹചര്യങ്ങളിൽ സംഭവിച്ചത് എന്ന് ഉടനടി അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. നടുവിൽ പഞ്ചായത്തിലെ പാത്തൻപാറയിലും, കൊളക്കാട്ടയിലും, മുടിക്കയത്തും തകഴിയിലും ശ്രീകണ്ഠപുരത്തും നടന്ന ആത്മഹത്യകൾ കർഷക ആത്മഹത്യകൾ ആണോ എന്ന് സ്ഥിരീകരിക്കാൻ വേണ്ട വിവരം ശേഖരിച്ചു വരുന്നു. |
| (സി) | കർഷകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ ഗൗരവമായ ഇടപെടൽ നടത്തുമോ; വിശദമാക്കാമോ? | (സി) | സംസ്ഥാന ബഡ്ജറ്റിൽ കർഷകർക്ക് വളരെയധികം ആശ്വാസം പകരുന്നതും, ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതുമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>**1.** കർഷക വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപനം പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പിലാക്കി വരുന്നു. കൃഷിയിടത്തിലെ വിവിധ വിഭവങ്ങൾ കാർഷിക വിദഗ്ദ്ധരുടെ സഹായത്തോടെ കാര്യക്ഷമമായി ആസൂത്രണം ചെയ്തു വരുമാന വർദ്ധനവിന് തടസ്സമായതോ അപര്യാപ്തമായതോ ഘടകങ്ങളെ പരിഹരിച്ചു ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്ന പ്രവർത്തനമാണിത്. ആകെ 12 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരിക്കുന്നത്.<br><br>**2.** വിലയിടിവ് തടയുന്നതിനായി കാർഷികോല്പന്നങ്ങൾക്ക് അടിസ്ഥാന വില പദ്ധതി |

നടപ്പിലാക്കി വരുന്നു. 16 ഇനം പഴം പച്ചക്കറികൾക്ക് വിപണി വില അടിസ്ഥാന വിലയിലും താഴുന്ന പക്ഷം ആയതിന്റെ വ്യത്യാസം ആനുകൂല്യമായി നൽകുന്നു.

**3.** മേൽ വിവരിച്ച അതേ മാതൃകയിൽ കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയങ്ങൾ മൂലം വിലയിടിവ് നേരിടുന്ന റബർ കർഷകരെ സംരക്ഷിക്കുന്നതിനായി റബർ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നുണ്ട്. ഈ സാമ്പത്തിക വർഷം 500 കോടി രൂപ വകയിരുത്തിയതിൽ 161.52 കോടി രൂപ ഇതിനകം കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**4.** വനം വകുപ്പിന്റെ എതിർപ്പില്ലാതെ അസംരക്ഷിത വനപ്രദേശത്തും മറ്റു ഭൂരേഖകൾ ലഭ്യമല്ലാതെ കൃഷി ചെയ്യുന്ന കർഷകർക്കും കൃഷി വകുപ്പിന്റെ ആനുകൂല്യം ലഭ്യമാകത്തക്ക വിധം പരിഷ്കരിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**5.** കർഷകരുടെ പ്രശ്നങ്ങൾ കൃഷിയിടത്തിൽ വച്ച് തന്നെ മനസ്സിലാക്കുന്നതിനും പരിഹാരം കാണുന്നതിനും അവർക്ക് ആത്മവിശ്വാസം ഉയർത്തുന്നതിനും ലക്ഷ്യം വച്ച് നടപ്പിലാക്കിയ പ്രധാന പ്രവർത്തനമാണ് 'കൃഷിദർശൻ'. കൃഷി മന്ത്രിയും ഉന്നത ഉദ്യോഗസ്ഥരും കാർഷിക വിദഗ്ധരും ഏതാണ്ട് ഒരാഴ്ചക്കാലം ഒരു പ്രത്യേക പ്രദേശത്തു ക്യാമ്പ് ചെയ്തു കാർഷിക അദാലത്ത് ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ നടത്തി ഉടനടി സർക്കാർ ഉത്തരവുകളും മറ്റും പുറത്തിറക്കുകയും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തു വരുന്നു.

**6.** നെല്ലിന് ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാളും ഉയർന്ന സംഭരണ വില നൽകി വരുന്നു. നെല്ല് സംഭരണത്തിൽ കാലോചിതമായ പരിഷ്കാരം ഏർപ്പെടുത്തുന്നതിനായി ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയും സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചു വരികയും ചെയ്യുന്നുണ്ട്.

**7.** അന്താരാഷ്ട്ര നിലവാരത്തിലേക്ക് കർഷകരെ ഉയർത്തുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കർഷകരെ ഇസ്രായേലിലേക്ക് അയയ്ക്കുകയും, അവിടെ നിന്നും പരിശീലനം സിദ്ധിച്ച അവരെ മാസ്റ്റർ കർഷകരായി പരിഗണിക്കുകയും അവർ വഴി കാർഷിക വിജ്ഞാന വ്യാപനം മറ്റു കർഷകർക്ക് നൽകി വരികയും ചെയ്യുന്നുണ്ട്.

**8.** ലോക ബാങ്ക് സഹായത്തോടെ കാലാവസ്ഥ വ്യതിയാനം അതിജീവിച്ച കർഷകർക്ക് കൃഷിയിൽ നിന്നും കൂടുതൽ വരുമാനം ലഭ്യമാക്കുന്നതിന് ലക്ഷ്യം വച്ച് 2024-25 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്ന കേരള ക്ലൈമറ്റ് റസീലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡണൈസേഷൻ (കേര) എന്ന സമഗ്ര പദ്ധതി 2375 കോടി രൂപ അടങ്കലിൽ നടപ്പിലാക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്.

**9.** കർഷകർക്കായി കേരളഗ്രോ എന്ന ബ്രാൻഡ് ആരംഭിക്കുകയും ഗുണമേന്മ ഉയർത്തി അധിക വരുമാനം ലഭിക്കത്തക്ക വിധം ശാക്തീകരിക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിക്കുന്നു.

**10.** ഇദംപ്രഥമമായി കാർഷികോല്പന്ന സംസ്കരണത്തിനും വിപണനത്തിനും കയറ്റുമതിക്കും ലക്ഷ്യം വച്ച് കേരള അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരികയും ചെയ്യുന്നുണ്ട്.
**11.** രോഗ കീട ബാധകൾ മൂലം പ്രശ്നം അനുഭവിക്കുന്ന കർഷകർക്ക് ഉടനടി ആശ്വാസം പകരുന്നതിനായി വിള ആരോഗ്യ ഫാർമസികൾ കൃഷിഭവൻ തോറും സ്ഥാപിച്ചു വരുന്നു.

**12.** ഇവയ്ക്കു പുറമെ നാളികേര കർഷകർക്ക് വളരെയധികം പ്രയോജനം ചെയ്യുന്ന പച്ചത്തേങ്ങ സംഭരണം കിലോഗ്രാമിന് 34/- രൂപ എന്ന നിലയിലേക്ക് ഉയർത്തി ഈ സർക്കാർ കർഷകരെ സഹായിക്കുന്നുണ്ട്.

**13.** കർഷകർ അഭിമുഖീകരിക്കുന്ന വന്യമൃഗ ശല്യത്തിൽ നിന്നും കാർഷിക വിളകളെ സംരക്ഷിക്കുന്നതിനായി 1.88 കോടി രൂപയുടെ (സംസ്ഥാന സർക്കാർ) പദ്ധതിയും 25 കോടി രൂപയുടെ ആർ കെ വി വൈ പദ്ധതിയും നടപ്പിലാക്കി വരുന്നു.

**14.** ഇവ കൂടാതെ പ്രളയം മൂലം തകർന്ന കാർഷിക മേഖല പുനരുദ്ധരിക്കുന്നതിനായി 'പുനർജനി' എന്ന പദ്ധതിയും സംസ്ഥാന പദ്ധതിയായി നടപ്പിലാക്കുകയുണ്ടായി.

**15.** കൃഷിനാശം സംഭവിച്ചാൽ കർഷകർക്ക് മതിയായ നഷ്ടപരിഹാരം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ വെള്ളപ്പൊക്കം, വരൾച്ച, രോഗങ്ങൾ തുടങ്ങിയ ദുരന്തങ്ങൾ പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശം എന്നിവയ്ക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരവും സംസ്ഥാന വിള ഇൻഷുറൻസ് എന്നിവ

| | | | |
|---|---|---|---|
| | | | പ്രകാരം ആനുകൂല്യങ്ങളും PMFBY, RWBCIS എന്നീ കേന്ദ്ര ഇൻഷ്വറൻസ് പദ്ധതികൾ പ്രകാരം അധിക സുരക്ഷയും ഉറപ്പാക്കുന്നുണ്ട്.<br><br>ഇത്തരത്തിൽ വളരെയധികം കർഷകോന്മുഖമായ പ്രവർത്തനങ്ങളാൽ ഈ സർക്കാർ മുന്നോട്ട് പോകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ